# ആഗോള ജൈവ ഇന്ധന സഖ്യത്തിന്റെ (ജിബിഎ) സമാരംഭം

സെപ്റ്റംബർ 09, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി സിംഗപ്പൂർ, ബംഗ്ലാദേശ്, ഇറ്റലി, യുഎസ്എ, ബ്രസീൽ, അർജന്റീന, മൗറീഷ്യസ്, യുഎഇ എന്നീ രാജ്യങ്ങളുടെ നേതാക്കൾക്കൊപ്പം 2023 സെപ്റ്റംബർ 9-ന് ന്യൂഡൽഹിയിൽ നടന്ന ജി20 ഉച്ചകോടിയുടെ ഭാഗമായി ആഗോള ജൈവ ഇന്ധന സഖ്യത്തിന് സമാരംഭം കുറിച്ചു.

2. ജി20-യുടെ ആതിഥേയ രാജ്യം എന്ന നിലയിൽ ഇന്ത്യയുടെ ഒരു സംരംഭമാണ് ആഗോള ജൈവ ഇന്ധന സഖ്യം (ജിബിഎ). സാങ്കേതിക മുന്നേറ്റങ്ങൾ സുഗമമാക്കുക, സുസ്ഥിര ജൈവ ഇന്ധനങ്ങളുടെ ഉപയോഗം തീവ്രമാക്കുക, ശക്തമായ സ്റ്റാൻഡേർഡ് ക്രമീകരണം, സർട്ടിഫിക്കേഷൻ എന്നിവ രൂപപ്പെടുത്തുന്നതിലൂടെ വിവിധ പങ്കാളികളുടെ പങ്കാളിത്തത്തിലൂടെ ജൈവ ഇന്ധനങ്ങളുടെ ആഗോള ഉയർച്ച ത്വരിതപ്പെടുത്താനാണ് ഈ സഖ്യം ഉദ്ദേശിക്കുന്നത്. വിജ്ഞാനത്തിന്റെ കേന്ദ്രമായും വിദഗ്ദ്ധ കേന്ദ്രമായും ഈ സഖ്യം പ്രവർത്തിക്കും. ജൈവ ഇന്ധനങ്ങളുടെ പുരോഗതിക്കും വ്യാപകമായ സ്വീകാര്യതയ്ക്കും ആഗോള സഹകരണം പ്രോത്സാഹിപ്പിക്കുന്ന ഒരു ഉത്തേജക പ്ലാറ്റ്ഫോമായി പ്രവർത്തിക്കാനാണ് ജിബിഎ ലക്ഷ്യമിടുന്നത്.

**ന്യൂ ഡെൽഹി**
**സെപ്റ്റംബർ 09, 2023**